# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1030 — 01.07.2015 -ലെ മറുപടിയ്ക്ക്

**കാസർഗോഡ് സർക്കാർ കോളേജ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന്. | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് സർക്കാർ കോളേജിൽ ബിരുദ ബിരുദാനന്തര പഠനത്തിന് ഏതെല്ലാം കോഴ്സുകളാണ് ഇപ്പോഴുള്ളത് ; പ്രസ്തുത കോഴ്സുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ ആലോചനയുണ്ടോ ; | (എ) | **എ) ഡിഗ്രി കോഴ്സ്.**<br>1) അറബിക്.<br>2) ഇക്കണോമിക്സ്.<br>3) ഇംഗ്ലീഷ്.<br>4) ഹിസ്റ്ററി.<br>5) കന്നഡ<br>6) മലയാളം.<br>7) ബികോം.<br>8) ബോട്ടണി.<br>9) കെമിസ്ട്രി.<br>10) കമ്പ്യൂട്ടർ സയൻസ്.<br>11) ജിയോളജി.<br>12) മാത്തമാറ്റിക്സ്.<br>13) ഫിസിക്സ്.<br>14) സുവോളജി.<br><br>**പി.ജി.കോഴ്സ്**<br>1) അറബിക്.<br>2) ഇക്കണോമിക്സ്<br>3) ഇംഗ്ലീഷ്<br>4) കന്നഡ<br>5) കെമിസ്ട്രി<br>6) ജിയോളജി.<br>7) മാത്തമാറ്റിക്സ്.<br>ശുപാർശ ലഭിക്കുന്ന മുറയ്ക്ക് കോഴ്സുകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | ഒരു കോളേജിനെ കോളേജ് ഓഫ് എക്സലൻസായി ഉയർത്താൻ വേണ്ട | (ബി) | കോളേജുകളെ സെന്റർ ഓഫ് എക്സലൻസുകളായി ഉയർത്തുന്നത് ഗവണ്മെന്റ് നേരിട്ട് പരിശോധിച്ചാണ്. കോളേജിന്റെ പഴമ, കോഴ്സുകളുടെ വൈപുല്യം, വിദ്യാർത്ഥികളുടെ |

| | | | |
|---|---|---|---|
| | മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; | | എണ്ണം, മെച്ചപ്പെട്ട റിസൾട്ട് തുടങ്ങിയ കാര്യങ്ങൾ ഇക്കാര്യത്തിൽ സാധാരണ പരിശോധിക്കാറുണ്ട്. |
| (സി) | കാസർഗോട് സർക്കാർ കോളേജിന് പ്രസ്തുത മാനദണ്ഡമനുസരിച്ച് കോളേജ് ഓഫ് എക്സലൻസ്, സ്പെഷ്യൽ ഗ്രേഡ് എന്നീ പദവികൾ ലഭ്യമാക്കാൻ അർഹതയുണ്ടോ ; എങ്കിൽ എപ്പോഴാണ് ഇവ നൽകുകയെന്ന് വ്യക്തമാക്കാമോ ; | (സി) | നിലവിൽ കാസർകോഡ് സർക്കാർ കോളേജ് സെന്റർ ഓ ഫ് എക്സലൻസ് കോളേജല്ല. ഇതിനായുള്ള പ്രൊപ്പോസലുകൾ ഒന്നും തന്നെ നിലവിൽ പരിഗണനയിലില്ല. കോളേജുകൾക്ക് സ്പെഷ്യൽ ഗ്രേഡ് പദവി നൽകുന്ന സമ്പ്രദായം ഇപ്പോൾ നിലവിലില്ല. |
| (ഡി) | പ്രസ്തുത കോളേജിൽ നിലവിലുള്ള എല്ലാ വിഭാഗം തസ്തികകളുടേയും ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളുടെയും വിശദാംശം ലഭ്യമാക്കാമോ? | (ഡി) | ടി കോളേജിൽ ആകെ അദ്ധ്യാപകരുടെ തസ്തികകൾ (പ്രിൻസിപ്പാൾ ഉൾപ്പെടെ) 89 ആണ്. അതിൽ 29 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. ആകെയുള്ള 43 അനദ്ധ്യാപക തസ്തികകളിൽ 2 എണ്ണം ഒഴിഞ്ഞ് കിടക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**